സെപ്തംബർ 21-27

# പാഠം 13

# സേവകരുടെ ഒരു സമൂഹം

**വായിക്കുക:** 2 കൊരിന്ത്യർ 2:14-16; പുറപ്പാട് 32:1-14; 1 പത്രൊസ് 2:12; ഫിലിപ്പിയർ 2:15; എഫെസ്യർ 2:19; എബ്രായർ 10:23-25.

**മനഃപ്പാഠവാക്യം:** "പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊള്ളുക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ. തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക" (എബ്രായർ 10:23,25).

ക്രിസ്തീയ ദൗത്യം നിറവേറ്റുന്നതിനുള്ള അന്വേഷണത്തിൽ, വിശ്വാസികളുടെ രൂപീകൃതമായ സമൂഹം എന്ന നിലയിൽ സഭയുടെ സാദ്ധ്യതകളെ നാം നിസ്സാരം ആക്കരുത്. അന്യായത്തിനും ദാരിദ്ര്യത്തിനും എതിരേ പ്രവർത്തിക്കുവാൻ ഒരുങ്ങുമ്പോൾ നമുക്കു നേരിടേണ്ടി വരുന്ന വെല്ലുവിളികളെ നാം നേരത്തേ കണ്ടുകഴിഞ്ഞു. എന്നാൽ വിശ്വാസസമൂഹത്തിലെ കൂട്ടുവിശ്വാസികളുമായി പ്രവർത്തിക്കുമ്പോൾ ചുറ്റുപാടും ഉള്ളവർക്ക് ഒരു അനുഗ്രഹം ആയിത്തീരുവാൻ നമുക്കു കഴിയും.

ഒരു സഭയായി നാം ഒരുമിച്ചു വരുമ്പോൾ, സഭയെ മുമ്പോട്ടു പോകുവാൻ സജ്ജമാക്കുന്നതിൽ നിന്നു നമ്മുടെ മനസ്സു മാറിപ്പോകുന്നതാണ് ഒരു പരീക്ഷ. ദൈവം സഭയെ ആക്കിയിരിക്കുന്ന ലോകത്തിൽ സേവനത്തിനു വേണ്ടിയാണ് അതു നിലനിൽക്കുന്നതെന്നു നാം മറന്നുപോകുന്നു. ഒരു സഭാശരീരം എന്നനിലയിൽ, നമ്മുടെ ചുറ്റിലും ആകമാനം നിലവിലുള്ള കഷ്ടങ്ങളെയും തിന്മയെയും നാം അവഗണിക്കരുത്. ക്രിസ്തു അതിനെ അവഗണിച്ചില്ലെങ്കിൽ നാമും അവഗണിക്കരുത്. സുവിശേഷം പ്രസംഗിക്കുവാനുള്ള നിയമാവകാശത്തോടു നമ്മൾ വിശ്വസ്തർ ആയിരിക്കണം. ആ പ്രസംഗത്തോടൊപ്പം വരുന്നതാണു പീഡിതരെയും വിശക്കുന്നവരെയും നഗ്നരെയും നിസ്സഹായരെയും സഹായിക്കുന്നതിനുള്ള പ്രവൃത്തിയും.

ഒരു സഭാസമൂഹവും സംഘടനയും ഒരുമിച്ചുള്ള നിലയിൽ നാം ക്രിസ്തുവിന്റെ ശരീരം ആകുന്നു (1 കൊരി. 12:12-20). ആയതിനാൽ, ഒരു സമൂഹം എന്ന നിലയിൽ നാം യേശു നടന്നതുപോലെ നടക്കണം, യേശു ചെയ്തതുപോലെ മറ്റുള്ളവരിലേക്ക് എത്തണം. യേശുവിന്റെ കൈകളും കാലുകളും ശബ്ദവും ഹൃദയവുമായി സേവനം ചെയ്യുകയും വേണം.

# മാറ്റത്തിന്റെ പ്രതിനിധികൾ

അപ്പൊസ്തല പ്രവൃത്തികളുടെ ആദ്യഅദ്ധ്യായങ്ങളിൽ, ആദിമക്രിസ്ത്യാനികൾ എപ്രകാരം ഒരു വ്യത്യസ്ത തരം സമൂഹം രൂപപ്പെടുത്തിയെന്നു നാം കണ്ടു. അവരുടെ ഇടയിലെ ആവശ്യക്കാർക്കുവേണ്ടി കരുതി. പുറത്തുള്ളവരെ ഒരുമിച്ചു സമീപിച്ചു. വേണ്ടിടത്തു സഹായം എത്തിക്കുകയും ദൈവം അവരുടെ ഇടയിൽ ചെയ്തുകൊണ്ടിരുന്നതിൽ ചേരുവാൻ അവരെ ക്ഷണിക്കുകയും ചെയ്തു.

യേശു ഉപ്പിനെയും വെളിച്ചത്തെയും വിവരിച്ചതിനോടു കൂട്ടിച്ചേർത്തുകൊണ്ടു പൗലൊസ് ലോകത്തിൽ സഭയുടെ പ്രവർത്തനത്തെ ചിത്രീകരിക്കുവാൻ ധാരാളം രൂപകങ്ങൾ ഉപയോഗിക്കുന്നു. മറ്റുള്ളവരുടെ നടുവിൽ ദൈവമക്കളായി ജീവിക്കുന്നവരെ യാഗം (റോമ. 12:1) എന്നും, ക്രിസ്തുവിന്റെ ശരീരം (1 കൊരി. 12:12-20) എന്നും, സ്ഥാനപതികൾ (2 കൊരി. 5:18-20) എന്നും, സൗരഭ്യം (2 കൊരി. 2:14-16) എന്നും പൗലൊസ് വിവരിക്കുന്നു. ദൈവരാജ്യത്തിന്റെ പ്രതിനിധികൾ അഥവാ ഇടനിലക്കാർ ആയി ഇപ്പോഴും വൻവിവാദത്താൽ നശിപ്പിക്കപ്പെട്ട ലോകത്തിൽ ഈ ഓരോ ചിത്രവും ഓരോ കർത്തവ്യത്തെക്കുറിച്ചു സംസാരിക്കുന്നു.

**മുകളിലത്തെ ഓരോ "പ്രതിനിധി" വിവരണവും പുനരവലോകനം ചെയ്യുക. നിങ്ങളുടെ സമൂഹത്തിൽ നിങ്ങൾ ദൈവത്തെ പ്രതിനിധീകരിക്കുവാൻ ഇഷ്ടപ്പെടുന്ന ഏറ്റവും മെച്ചമായ വിവരണം ഏതാണ്? എന്തുകൊണ്ട്?**

ഈ ഓരോ ചിത്രത്തിനും അവയോടു ചേർന്നുള്ള പ്രവൃത്തിയുണ്ട്; ദൈവത്തിനു അംഗീകരിക്കുവാനുള്ള മാർഗ്ഗങ്ങളായല്ല, പക്ഷേ ദൈവത്താൽ ക്രിസ്തുവിന്റെ യാഗത്തിലൂടെ അംഗീകരിക്കപ്പെട്ടവരായിത്തന്നെ. തകർക്കപ്പെട്ടു മരിച്ചുകൊണ്ടിരിക്കുന്ന ലോകത്ത്, ദൈവത്തിന്റെ പ്രതിനിധികളായി ദൈവസ്നേഹത്തിലും കൃപയിലും ദൈവത്തോടു പ്രതികരിച്ചവരാണ് അവർ.

കൂടുതൽ ആഴമേറിയ ഒരു നിലയിൽ ഇനിയും പക്ഷേ അവർ പരിഗണിക്കപ്പെടാം: ദൈവരാജ്യമെന്നാൽ ദൈവത്തിന്റെ സ്നേഹവും കൃപയും ആയിരിക്കയാൽ, സ്നേഹത്തിലും കൃപയിലും പ്രതിഫലിപ്പിച്ചുകൊണ്ടു അതിനൊത്തു നാം പ്രവർത്തിക്കുമ്പോൾ, ദൈവരാജ്യത്തിൽ നാം ഇപ്പോൾതന്നെ പങ്കാളിയായിത്തീരുകയും പ്രവർത്തിക്കുകയും ചെയ്യുകയാണ്.

അന്താരാഷ്ട്രനിയമത്തിൽ, ഒരു രാജ്യത്തിന്റെ സ്ഥാനപതി കാര്യാലയം വിദേശത്തും വളരെ ദൂരെയും ആയിരുന്നാൽ പോലും അതു പ്രതിനിധീകരിക്കുന്ന രാജ്യത്തിന്റെ ഭാഗമായി കണക്കാക്കപ്പെടുന്നു; ഭൗതികമായി അതേ

പ്രകാരം, ദൈവരാജ്യത്തിന്റെ വിധത്തിൽ പ്രവർത്തിക്കുന്നത് ആ നിത്യ യാഥാർത്ഥ്യത്തിന്റെ ഒരു ഏകദേശരൂപം ഇപ്പോൾ ഇവിടെ അതു നമുക്കു പ്രദാനം ചെയ്യുന്നു. അങ്ങനെ അതു തിന്മയുടെ അന്തിമ പരാജയത്തിന്റെ ഒരു മുൻകൂർ അനുഭവമായിത്തീരുന്നു. ക്രിസ്തുവിന്റെ സ്ഥാനപതികളും പ്രതിനിധികളും എന്ന നിലയിൽ അങ്ങനെ ചെയ്യുമ്പോൾ, നമ്മുടെ ജീവിതങ്ങളിലും സഭകളിലും നാം സേവിക്കുവാൻ ഇഷ്ടപ്പെടുന്നവരുടെ ജീവിതങ്ങളിലും ദൈവത്തിന്റെ സ്നേഹത്തിന്റെയും നീതിയുടെയും യാഥാർത്ഥ്യത്തെ നമുക്ക് അനുഭവിച്ചറിയാൻ കഴിയുന്നു.

**2 കൊരിന്ത്യർ 2:15,16 വായിക്കുക. രണ്ടു സൗരഭ്യങ്ങളുടെയും വ്യത്യാസം എന്താണ്? നാം ഏതാണെന്ന് എങ്ങനെ തിരിച്ചറിയാൻ കഴിയും?**

**തിങ്കൾ** **സെപ്തംബർ 23**

## ഒരു ദാസ ശേഷിപ്പ്

ബൈബിൾ പ്രവചനങ്ങളിലെ ശേഷിപ്പു ജനത്തിന്റെ നിലവാരമുള്ള ഒരു നിർവ്വചനം വെളിപ്പാട് 12:17 ൽ കാണപ്പെടുന്നു. ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവർ" (വെളി. 14:12 കൂടി കാണുക). ബൈബിൾ കഥകളിൽ, ഈ പ്രത്യേകതകൾ പിൽക്കാല ഭൗമചരിത്രത്തിലെ ദൈവജനത്തെ വേർതിരിച്ചു കാണിക്കുന്നു. ബൈബിൾ കഥകളിൽ, എത്രമാത്രം ഒരു ശേഷിപ്പ് പ്രവർത്തിക്കുന്നു എന്നും, പ്രത്യേകാൽ ആളുകൾ എത്രമാത്രം മറ്റുള്ളവരെ സേവിക്കുന്നു എന്നുമുള്ളതിന് ഉദാഹരണങ്ങൾ നമുക്കു കണ്ടെത്താൻ കഴിയും.

**മോശെയുടെ ഇക്കാര്യത്തിലെ ദൃഷ്ടാന്തം ഭീതിപ്പെടുത്തുന്നതാണ്. പുറപ്പാട് 32:1-14 വായിക്കുക. ഈ കഥയിലെ മോശെയും വെളിപ്പാട് 12:17 ൽ വിവരിക്കപ്പെടുന്ന ശേഷിപ്പും തമ്മിലുള്ള താരതമ്യം എന്താണ്?**

ദൈവം യിസ്രായേലിനോടുള്ള കോപത്തിൽ അവരെ നശിപ്പിക്കുമെന്നു ഭീഷണിപ്പെടുത്തുകയായിരുന്നു. തന്റെ സന്തതി ഒരു വലിയ രാഷ്ട്രം ആയിത്തീരുമെന്നു ദൈവം അബ്രാഹാമിനു നൽകിയ വാഗ്ദത്തം ഇപ്പോൾ മോശെയ്ക്കും കുടുംബത്തിനുമായി മാറ്റിക്കൊടുക്കുമെന്നും ദൈവം അരുളിച്ചെയ്തു (പുറ. 32:10).

മോശെ പക്ഷേ അതു ആഗ്രഹിച്ചില്ല. ദൈവത്തോടു തർക്കിക്കുവാൻപോലും മോശെ ധൈര്യപ്പെട്ടു. ദൈവം ചെയ്യുമെന്നു ഭീഷണിപ്പെടുത്തുന്നവിധം പ്രവർത്തിച്ചാൽ ദൈവത്തിനു മോശമാകും എന്നു മോശെ നിർദ്ദേശിച്ചു (പുറ. 32:11-13). മോശെ പിന്നെയും കുറെക്കൂടി മുമ്പോട്ടു കടന്നു തന്റെ കാര്യം ദൈവത്തിനു ബോദ്ധ്യപ്പെടുത്തുന്ന ഒരു സ്ഥാനത്തുനിന്നു.

മോശെ ഈ ജനത്തെ മരുഭൂമിയിലൂടെ നയിക്കുവാൻ പാടുപെടുകയായിരുന്നു. അവരെ മോചനത്തിലേക്കു നയിച്ച നാഴിക മുതൽ അവർ പരാതി പറയുകയും കലഹിക്കുകയും ആയിരുന്നു. മോശെ എന്നാലും ദൈവത്തോടു

പറയുന്നു, "അവരോടു ക്ഷമിക്കുവാൻ കഴിയുകയില്ലെങ്കിൽ, (അങ്ങു) എഴുതിയിട്ടുള്ള പുസ്തകത്തിൽനിന്ന് എന്റെ പേർ മായിച്ചുകളയേണമേ" (പുറ. 32:32). തന്റെ യാത്രയിൽ പങ്കാളികൾ ആയിരുന്നവരെ രക്ഷിക്കുവാൻ വേണ്ടി തന്റെ നിത്യത വിട്ടുകളയുവാനും മോശെ ഒരുക്കമായിരുന്നു.

അർഹിക്കാത്തവർ ആയിരുന്നിട്ടും അവർക്കുവേണ്ടി സ്വയം ത്യജിച്ചു പക്ഷവാദം ചെയ്യുന്നതിന്റെ എത്ര ശക്തമായ മാതൃക! സമ്പൂർണ്ണമായ രക്ഷാപദ്ധതിയുടെ എത്ര ശക്തമായ സാദൃശ്യം!

മോശെ യിസ്രായേലിനുവേണ്ടി പക്ഷവാദം കഴിക്കയിൽ അവന്റെ ഭീരുത്വം, ആർക്കുവേണ്ടിയോ താൻ ദൈവകരങ്ങളിൽ ഏറെ ചെയ്യുവാൻ കാരണമായത്, അവർക്കുവേണ്ടിയുള്ള ആഴമേറിയ താല്പര്യത്തിലും സ്നേഹത്തിലും ഇല്ലാതായി. ദൈവം അവന്റെ സംവാദങ്ങളെ ശ്രദ്ധിച്ചു. അവന്റെ നിസ്വാർത്ഥമായ പ്രാർത്ഥന അനുവദിച്ചു. ദൈവം തന്റെ ദാസനെ തെളിയിച്ചു. ദൈവം അവന്റെ വിശ്വസ്തതയെയും നന്ദികെട്ടവരായി തെറ്റിപ്പോകുന്നവരോടുള്ള സ്നേഹത്തെയും ശോധന ചെയ്തു. മോശെ പരീക്ഷയെ മഹനീയമായി തരണംചെയ്തു. അവന്റെ യിസ്രായേലിനോടുള്ള താല്പര്യം സ്വാർത്ഥലക്ഷ്യങ്ങളിൽനിന്നു മുളച്ചതായിരുന്നില്ല. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ അഭിവൃദ്ധി വ്യക്തിപരമായ ബഹുമാനത്തെക്കാൾ, ഒരു ശക്തമായ രാജ്യത്തിന്റെ പിതാവ് ആയിരിക്കുന്നതിനെക്കാളും അധികം പ്രിയപ്പെട്ടത് ആയിരുന്നു. ദൈവം അവന്റെ വിശ്വസ്തതയിലും ഹൃദയലാളിത്യത്തിലും അവന്റെ സത്യസന്ധതയിലും സന്തുഷ്ടൻ ആയിരുന്നു. ഒരു നല്ല ഇടയനായി യിസ്രായേലിനെ വാഗ്ദത്ത നാട്ടിലേക്കു നയിക്കുന്നതിനുള്ള ചുമതല ദൈവം അവന് ഏല്പിച്ചുകൊടുത്തു" E.G. White, Patriarchs and Prophets, p. 319.

**നമ്മുടെ ചുറ്റിലും തെറ്റുചെയ്യുന്നവരോടു എങ്ങനെ സാദ്ധ്യമായിടത്തോളം ഇടപെടണം എന്നാണു ഇതു നമ്മോടു പറയുന്നത്?**

**ചൊവ്വ** **സെപ്തംബർ 24**

## ആത്മാക്കളിലേക്ക് എത്തിച്ചേരുക

സാമൂഹ്യപ്രവർത്തനമോ സുവിശേഷപ്രവർത്തനമോ, കാരുണ്യമോ സാക്ഷീകരണമോ, നീതിയോ സുവിശേഷീകരണമോ, എന്നിവയ്ക്കിടയിൽ തിരഞ്ഞെടുക്കേണ്ടിവരുമ്പോൾ സഭാ ചർച്ച ചിലപ്പോൾ തടസ്സപ്പെടുന്നതായി കാണപ്പെടും. ഈ വസ്തുതകൾ ഓരോന്നും നാം വേണ്ടപോലെ മനസ്സിലാക്കി യേശുവിന്റെ ശുശ്രൂഷയുമായി തട്ടിച്ചുനോക്കുമ്പോൾ വ്യത്യാസം ഇല്ലാതാകും. സുവിശേഷം പ്രസംഗിക്കുന്നതും മറ്റുള്ളവരെ സഹായിക്കാൻ പ്രവർത്തിക്കുന്നതും പരസ്പരം ബദ്ധമായിരിക്കുന്നു എന്ന് അപ്പോൾ നമുക്കു ബോദ്ധ്യമാകും.

എലെൻ വൈറ്റിന്റെ ഏറ്റവും നന്നായി അറിയപ്പെടുന്ന പ്രസ്താവനകൾ ഒന്നിൽ അവർ ഇപ്രകാരം വിവരിക്കുന്നു: “ക്രിസ്തുവിന്റെ രീതി മാത്രമേ ആളുകളെ സമീപിക്കുന്നതിൽ വിജയിക്കുകയുള്ളൂ; രക്ഷകൻ അവരുടെ നന്മ യിൽ താല്പര്യം ഉള്ളവായി അവരോട് ഇടപഴകി. അവിടുന്ന് അവരോട് സഹ താപം പ്രകടിപ്പിച്ചു, അവരുടെ ആവശ്യങ്ങളിൽ ശുശ്രൂഷിച്ചു, അങ്ങനെ അവ രുടെ വിശ്വാസം നേടി. യേശു പിന്നെ അവരെ ക്ഷണിച്ചു; എന്റെ പിന്നാലെ വരിക...”

“ദരിദ്രർ വിടുവിക്കപ്പെടണം, രോഗികൾ സൗഖ്യമാക്കപ്പെടണം, ദുഃഖി തരും അതിവേദനപ്പെടുന്നവരും ആശ്വസിപ്പിക്കപ്പെടണം, അജ്ഞർക്ക് അറിവു നൽകപ്പെടണം, അനുഭവജ്ഞാനം ഇല്ലാത്തവർക്കും ഉപദേശം നൽകപ്പെടണം. നാം കരയുന്നവരോടൊത്തു കരയണം, ആനന്ദിക്കുന്നവരു മായി ആനന്ദിക്കണം.” E.G. White, The Ministry of Healing, p. 143.

നാം കണ്ടതുപോലെ, ഈ ഇരുരാജ്യപ്രവൃത്തികളും – നീതിയും സുവി ശേഷീകരണവും – ഇവ ഏറ്റവും അടുത്തു ചുറ്റിപ്പിണഞ്ഞു, യേശുവിന്റെ ശുശ്രൂഷയിൽ മാത്രമല്ല, ശിഷ്യന്മാർക്കായുള്ള ആദ്യകല്പനയിലും കാണ പ്പെടുന്നു: “സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു; രോഗികളെ സൗഖ്യമാക്കുക, മരിച്ചവരെ ഉയിർപ്പിക്കുക, കുഷ്ഠരോഗികളെ ശുദ്ധമാക്കുക, ഭൂതങ്ങളെ പുറ ത്താക്കുക. സൗജന്യമായി നിങ്ങൾക്കു ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ” (മത്താ. 10:7,8). ചുരുക്കത്തിൽ, നമ്മുടെ ദൂതുമായി മറ്റുള്ളവരെ സമീപിക്കു ന്നതിനുള്ള ഏറ്റവും മെച്ചമായ മാർഗ്ഗങ്ങളിൽ ഒന്ന് അവരുടെ ആവശ്യങ്ങ ളിൽ ശുശ്രൂഷിക്കുക എന്നതാണ്.

**വായിക്കുക: 1 പത്രൊസ് 2:12; ഫിലിപ്പിയർ 2:15. ദൈവജനത്തിന്റെ നല്ല പ്രവൃത്തികളുടെ സാക്ഷീകരണ ശക്തിയെക്കുറിച്ചു പത്രൊസും പൗലൊസും എന്താണു പറയുന്നത്?**

ദൈവത്തിന്റെ സദ്വാർത്തയുടെ വിശാലമായ ഒരു അറിവിൽ, ജന ങ്ങൾക്കായുള്ള ഒരു തീവ്രവികാരം കൂടാതെ സുവിശേഷീകരണത്തിനു അർത്ഥമില്ല. 1 യോഹന്നാൻ 3:16–18, യാക്കോബ് 2:16 എന്നീ വാക്യങ്ങൾ സുവിശേഷത്തെ ജീവിച്ചു കാണിക്കാതെ പ്രസംഗിക്കുന്നതിലെ വൈരു ദ്ധ്യത്തെ ഊന്നിപ്പറയുന്നു. അതിന്റെ ഏറ്റവും മികച്ച നിലയിൽ സുവിശേ ഷീകരണം- പ്രത്യാശ, രക്ഷപ്പെടുത്തൽ, അനുതാപം, മനഃപരിവർത്തനം, ദൈവത്തിന്റെ എല്ലാം അടങ്ങുന്ന സ്നേഹം എന്നിവയുടെ സദ്വർത്തമാനം കൊണ്ടുവരിക-നീതിയുടെ ഒരു ഭാവപ്രകടനം ആണ്.

നഷ്ടപ്പെട്ടവരോടും തകർന്നവരോടും ദുഃഖിതരോടുമുള്ള ദൈവസ്നേ ഹത്തെ തിരിച്ചറിയുന്നതിൽ നിന്ന് ഉളവാകുന്നതാണു സുവിശേഷീകരണവും നീതിക്കായുള്ള താല്പര്യവും. ദൈവത്തിനു നമ്മുടെ ഹൃദയങ്ങളിലും അത്തരം ഒരു സ്നേഹം വളരുന്നു. നാം ഒരു പ്രവൃത്തി അല്ലെങ്കിൽ മറ്റൊന്നു തിരഞ്ഞെടുക്കുന്നില്ല. പകരം, മനുഷ്യരുടെ യഥാർത്ഥ ആവശ്യങ്ങൾ നിറ

വേറ്റി, ദൈവം നമ്മിൽ ഭരമേല്പിച്ചിരിക്കുന്ന വിഭവങ്ങളെ ഉപയോഗപ്പെടുത്തി ജനങ്ങളോടൊത്തു പ്രവർത്തിക്കുന്നതിൽ ദൈവത്തോടൊപ്പം പ്രവർത്തിക്കുന്നു.

**മറ്റുള്ളവർക്കുവേണ്ടി നല്ല പ്രവൃത്തികൾ ചെയ്യുമ്പോൾ സുവിശേഷം പ്രസംഗിക്കാതിരിക്കുന്നില്ല എന്ന് എങ്ങനെ ഉറപ്പുവരുത്താനാകും?**

**ബുധൻ** **സെപ്തംബർ 25**

## കൃപ സഭയ്ക്കുള്ളിൽ

ഇയ്യോബിന്റെ പുസ്തകത്തിന്റെ തുടക്കത്തിൽ, ദൈവത്തിന്റെ വഴികളുടെ നന്മയെയും വീഴ്ച ഭവിച്ച മാനുഷികതയോടുള്ള തന്റെ ഇടപെടലുകളുടെയും ഒരു തെളിവായി ദൈവം ഇയ്യോബിനെയും അവന്റെ വിശ്വസ്തതയെയും ചൂണ്ടിക്കാണിക്കുന്നു (ഇയ്യോബ് 1:8). ദൈവം തന്റെ ബഹുമതി, തന്റെ ജനം എങ്ങനെ ജീവിക്കുന്നു എന്നതിൽ ആശ്രയിച്ചു നിൽക്കുവാൻ അനുവദിക്കുന്നു എന്നതു വിശേഷപ്പെട്ട ഒരു കാര്യമാണ്. എന്നാൽ പൗലൊസ് ദൈവത്തിനു തന്റെ "വിശുദ്ധന്മാരിൽ' ഉള്ള ഈ വിശ്വാസത്തെ സഭാ സമൂഹത്തെക്കൂടി ഉൾക്കൊള്ളിച്ചു വികസിപ്പിക്കുന്നു." ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം (അവിടുന്നു) നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദി നിർണ്ണയപ്രകാരം സഭ മുഖാന്തരം അറിവായിവരുന്നു" (എഫെ. 3:10,11).

**എഫെസ്യർ 2:19 വായിക്കുക. സഭാസമൂഹത്തെ "ദൈവത്തിന്റെ ഭവനക്കാർ'' എന്നു വിവരിക്കുന്നതിൽ എന്ത് ഉൾപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ കരുതുന്നു? രൂപീകൃതസഭയുടെ പ്രവർത്തനങ്ങളെ ഈ വിവരണം എങ്ങനെ സ്വാധീനിക്കണം?**

ഏതു സമൂഹത്തിലും സംഘടനയിലും ആ പ്രസ്ഥാനം അതിന്റെ അംഗങ്ങളോട് എങ്ങനെ പെരുമാറുന്നു എന്നത് ആ സംഘത്തിന്റെ അടിസ്ഥാന മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നു. ദൈവത്തിന്റെ ഭവനക്കാർ, ക്രിസ്തുവിന്റെ ശരീരവും, ആത്മാവിന്റെ സമൂഹവും എന്ന നിലയിൽ പരമോന്നത വിളിക്ക് ഒത്തവണ്ണവും അതിന്റെ നിലയിലും ജീവിക്കേണ്ടതുണ്ട്: "ദൈവം കലക്കത്തിന്റെ ദൈവമല്ല; സമാധാനത്തിന്റെ ദൈവമത്രേ" വിശുദ്ധന്മാരുടെ സകലസഭകളിലും.... (1 കൊരി. 14:33,34).

ദൈവത്തിന്റെ നീതിയിലും കൃപയിലും സ്നേഹത്തിലും പ്രകടമായിരിക്കുന്നതുപോലെ, നീതിയുടെയും കൃപയുടെയും സ്നേഹത്തിന്റെയും മൂല്യങ്ങളാണു സഭയ്ക്കുള്ളിൽ സംഭവിക്കുന്ന സകലത്തെയും നിയന്ത്രിക്കേണ്ടത്. പ്രാദേശികസമൂഹം തുടങ്ങി ആഗോള സഭാസംഘടനവരെ, സഭാനേതാക്കന്മാരെ, അവർ എങ്ങനെ നയിക്കുന്നു, എങ്ങനെ തീരുമാനം എടുക്കുന്നു, "ഇവരിൽ ഏറ്റവും ചെറിയ ഒരുവന്" എങ്ങനെ സഹായം

ചെയ്യുന്നു എന്നിവയിൽ സഭാസമൂഹത്തിൽ ഈ തത്വങ്ങൾ അവരെ നയിക്കണം. സഭാംഗങ്ങളുടെ ഇടയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിലും ഈ തത്വങ്ങൾ നയിക്കണം. നമ്മുടെ ഇടയിലുള്ളവരോടു ന്യായമായും അന്തസ്സായും പെരുമാറുവാൻ നമുക്കു കഴിയുന്നില്ലെങ്കിൽ മറ്റുള്ളവരോട് അങ്ങനെ പെരുമാറുവാൻ എങ്ങനെ കഴിയും?

സഭ ആളുകളെ ജോലിക്കു നിയമിക്കുന്നതിൽ, ജോലി ദാതാവ് ഉദാരമനസ്കൻ ആയിരിക്കണം, മറ്റെന്തിനും മുമ്പായി ആളുകളെ വിലമതിക്കണം, അംഗങ്ങളുടെ അന്യായപെരുമാറ്റങ്ങൾ അനുവദിക്കയുമരുത്. സഭകൾ സുരക്ഷിത സ്ഥലങ്ങൾ ആയിരിക്കണം. സാധുക്കളെ സഹായിക്കുവാൻ എല്ലാവരും കഴിയുന്നതു ചെയ്യണം. ആദിമസഭയിൽ നാം കാണുന്നതുപോലെ, “സഭാകുടുംബത്തിൽ” കഷ്ടപ്പെടുന്നവരെയും സഹായം ആവശ്യമായവരെയും സഭാസമൂഹം പ്രത്യേകാൽ ഒരുക്കമുള്ളവരും ആകണം.

യേശു ഇതിനെ ഒരു കല്പന ആയാണു നൽകിയത്. ഇതു വിശ്വാസസമൂഹത്തിൽ രൂപമാറ്റം വരുത്തുക മാത്രമല്ല കാണുന്നവർക്ക് അവരുടെ വിശ്വാസത്തിന്റെ യാഥാർത്ഥ്യം കാണിച്ചുകൊടുക്കുകയും വേണം: നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയൊരു കല്പന നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും” (യോഹ. 13:34,35).

**വ്യാഴം** **സെപ്തംബർ 26**

## നല്ല പ്രവൃത്തികൾക്കു പരസ്പരം പ്രോത്സാഹിപ്പിക്കുക

ഏറ്റവും നല്ല ഉൾപ്രേരണകളോടും ഉദ്ദേശശുദ്ധിയോടും കൂടി ആയാലും, ദൈവത്തിന്റെയും നന്മയുടെയും ഭാഗത്താണു നാമെന്നു വിശ്വസിക്കുമ്പോഴും ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നതു പ്രയാസകരവും നിരുത്സാഹപ്പെടുത്തുന്നതും ആയിത്തീരാം. നമ്മുടെ ലോകത്തിന്റെ ദുഃഖാവസ്ഥയും വേദനയും യഥാർത്ഥമാണ്. നമുക്ക് ഒരു സഭാസമൂഹം ആവശ്യമായിരിക്കുന്നത് ഇക്കാരണത്താലാണ്. യേശു തന്റെ ശിഷ്യന്മാരോടൊത്ത് ഇത്തരം താങ്ങിനിർത്തുന്ന ഒരു സമൂഹത്തിനു മാതൃക നൽകി. യേശു വളരെ അപൂർവ്വമായി മാത്രമേ ആളുകളെ അവരുടെ നിലയിൽ പറഞ്ഞയച്ചിട്ടുള്ളൂ. അങ്ങനെ സംഭവിച്ചിട്ടുള്ളപ്പോൾ പോലും, അവരുടെ കഥകൾ പറയുന്നതിനും അവരുടെ ഊർജ്ജവും ധൈര്യവും പുതുക്കുന്നതിനുമായി അവർ വേഗത്തിൽ വീണ്ടും ഒരുമിച്ചു കൂടിവന്നു.

**എബ്രായർ 10:23-25 വായിക്കുക. വാക്യം 25 ഇവയിൽ ഏറ്റവും നല്ലതായി അറിയപ്പെടുന്നതാണ്. നന്നായി അറിയപ്പെടുന്ന ഈ വാക്യത്തോടു നമ്മുടെ അറിവിലേക്കായി മുൻവാക്യങ്ങൾ എന്താണു കൂട്ടിച്ചേർക്കുന്നത്?**

**"സ്നേഹത്തിനും സൽപ്രവൃത്തിക്കും" പരസ്പരം പ്രോത്സാഹിപ്പിക്കുവാൻ ചില മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?**

ഏതു കർത്തവ്യത്തിനും കാരണത്തിനും അല്ലെങ്കിൽ പദ്ധതിക്കും ആയാലും ഒരുകൂട്ടം ആളുകൾ ഒത്തു പ്രവർത്തിക്കുന്നത് അത്രയും ആളുകൾ ഒറ്റയ്ക്കൊറ്റയ്ക്കു പ്രവർത്തിക്കുന്നതിനെക്കാൾ കൂടുതൽ നേട്ടമാണ്. ക്രിസ്തുവിന്റെ ശരീരമായുള്ള സഭയുടെ ചിത്രത്തെ ഇതു വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നു (റോമ. 12:3-6). ഇതിൽ നമുക്കെല്ലാവർക്കും പരസ്പരം പൂരകങ്ങളായ വിവിധ പങ്കാളിത്തമുണ്ട്. നാം ചെയ്യുന്നത് ഏറ്റവും നന്നായി ചെയ്യുമ്പോൾ, എന്നാൽ നമ്മുടെ സ്വാധീനങ്ങൾ ഒരുമിച്ചുപ്രവർത്തിക്കുന്നവിധം ചെയ്യുന്നെങ്കിൽ, നമ്മുടെ ജീവിതങ്ങളും പ്രവൃത്തികളും നിത്യതയ്ക്കായി ഒരു വലിയ വ്യത്യാസം ഉളവാക്കുമെന്നു വിശ്വാസത്തിൽ ഉറപ്പാക്കാം.

ശരിയായതു ചെയ്യുവാൻ ആഗ്രഹിക്കുമ്പോൾ ഫലങ്ങൾ പ്രധാനമാണ്. ഫലങ്ങൾ ആളുകളെയും അവരുടെ ജീവിതങ്ങളെയും സംബന്ധിക്കുന്നവയാണ്. ഫലങ്ങൾ എന്തായിരുന്നാലും അതിൽ നാം ദൈവത്തിൽ ആശ്രയിക്കേണ്ടിയിരിക്കുന്നു. ദാരിദ്ര്യം ഇല്ലാതാക്കുന്നതിനും അരക്ഷിതരെ സംരക്ഷിക്കുന്നതിനും പീഡിതരെ സ്വതന്ത്രരാക്കുന്നതിനും ശബ്ദമില്ലാത്തവർക്കുവേണ്ടി സംസാരിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുമ്പോൾ ചിലപ്പോൾ പുരോഗതി കണ്ടില്ലെന്നു വരാം. എന്നാലും, നമ്മൾ വളരെ വലുതും വിജയം സുനിശ്ചിതമായ കാര്യത്തിനുവേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന പ്രത്യാശ നമുക്കുണ്ട്. നന്മ ചെയ്കയിൽ നാം മടുത്തുപോകരുത്; തളർന്നുപോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും. ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹജീവികൾക്കും നന്മ ചെയ്ക (ഗലാ. 6:9,10; എബ്രാ. 13:16 കൂടി കാണുക).

ഇക്കാരണത്താലാണു നാം വിളിക്കപ്പെട്ടിരിക്കുന്നത് - അക്ഷരാർത്ഥത്തിൽ, അന്യോന്യം പ്രോത്സാഹിപ്പിക്കുവാൻ ധൈര്യംകൊണ്ട് ആവേശം കൊള്ളിക്കുവാൻ. വിശ്വസ്തമായി ജീവിക്കുക എന്നത് ഒരുപോലെ ആനന്ദകരവും പ്രയാസമുള്ളതും ആണ്. നമ്മുടെ നീതിയായ ദൈവവും നമ്മുടെ നീതിയായ സമൂഹവുമാണ് നമ്മുടെ ഏറ്റവും വലിയ പിന്തുണ. അവിടെ ചേരുവാനാണ് നാം മറ്റുള്ളവരെ ക്ഷണിക്കുന്നത്.

**മറ്റുള്ളവരുടെ കഷ്ടങ്ങളെ തുടച്ചുനീക്കുവാൻ പ്രവർത്തിക്കുന്ന ആരെ അല്ലെങ്കിൽ ആരെക്കുറിച്ച് നിങ്ങൾക്ക് അറിവുണ്ട്? അവരെ പ്രോത്സാഹിപ്പിക്കുവാൻ നിങ്ങൾക്ക് എങ്ങനെ കഴിയും?**

## വെള്ളി സെപ്തംബർ 27

**കൂടതൽ പഠനം:** എലെൻ ജി. വൈറ്റിന്റെ The Acts of the Apostles, pp. 546-556; Welfare Ministry, pp. 81-86 എന്നീ ഭാഗങ്ങൾ വായിക്കുക.

"ശിഷ്യന്മാർ ചെയ്ത പ്രവൃത്തി നാമും ചെയ്യേണ്ടതാണ്. ഓരോ ക്രിസ്ത്യാനിയും ഒരു മിഷനറി ആയിരിക്കണം. നിസ്വാർത്ഥമായ ഉത്സാഹ

ത്തോടെ, കഷ്ടപ്പെടുന്ന മനുഷ്യവർഗ്ഗത്തിന്റെ ഭാരങ്ങളെ ലഘൂകരിക്കുവാൻ ആഗ്രഹിച്ചുകൊണ്ടു സഹതാപത്തോടും അനുകമ്പയോടും കൂടി സഹായം ആവശ്യമായവർക്കു നാം ശുശ്രൂഷ ചെയ്യണം...."

"നാം വിശക്കുന്നവർക്ക് ആഹാരം കൊടുക്കണം, നഗ്നരെ ഉടുപ്പിക്കണം, കഷ്ടപ്പെടുന്നവരെയും ഹൃദയം തകർന്നവരെയും ആശ്വസിപ്പിക്കണം. നിരാശർക്കു നാം ശുശ്രൂഷ ചെയ്യണം, പ്രത്യാശ ഇല്ലാത്തവർക്ക് പ്രത്യാശ പകരണം.

ദുഷ്പ്രവൃത്തിക്കാരനിൽ മാറ്റം വരുത്തുവാൻ വാളിനെക്കാളും നീതിന്യായ കോടതിയെക്കാളും നിസ്വാർത്ഥമായ ശുശ്രൂഷയിൽ പ്രകടമാകുന്ന ക്രിസ്തുവിലെ സ്നേഹം കൂടുതൽ ഫലപ്രദമാണ്....ശാസനയിൽ പലപ്പോഴും കഠിനപ്പെടുന്ന ഹൃദയം ക്രിസ്തുവിന്റെ സ്നേഹത്തിൽ അലിയും." E.G. White, The Ministry of Healing, pp. 104,106.

"അടിമത്തം, ജാതിവ്യവസ്ഥ, അന്യായമായ വംശീയവിദ്വേഷങ്ങൾ, സാധുക്കളോടുള്ള പീഡനം, നിർഭാഗ്യരോടുള്ള അവഗണന-ഇവയെല്ലാം ക്രിസ്തീയ വിരുദ്ധമായും മനുഷ്യരാശിയുടെ ക്ഷേമത്തിനു ഭീഷണി ആയുമാണ് കണക്കാക്കപ്പെടുന്നത്. തിന്മയായി കരുതപ്പെടുന്ന ഇവയെ അവസാനിപ്പിക്കുന്നതിനായി ക്രിസ്തുവിന്റെ സഭയെ അവളുടെ കർത്താവ് നിയമിച്ചിരിക്കുന്നു." - ജനറൽ കോൺഫറൻസ് പ്രസിഡന്റ് എ.ജി. ദാനിയൽസ്, എലെൻ വൈറ്റിന്റെ ശവസംസ്കാരവേളയിൽ അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചു പ്രസ്താവിച്ചത്, Life sketeches of E.G. White, p. 473.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. ലോകത്തിൽ ഇല്ലായ്മയ്ക്കു പരിഹാരം കാണുവാൻ അന്വേഷിക്കുന്ന ആളുകളും സംഘങ്ങളും, സംഘടനകളും ധാരാളമുണ്ട്. ഈ കഠിനാധ്വാനത്തിൽ സെവന്ത് ഡേ അഡ്വന്റിസ്റ്റ് സഭയ്ക്കു അതുല്യമായ എന്തു ശക്തിയും ഉൾക്കാഴ്ചയും വിഭവങ്ങളും നൽകുവാൻ കഴിയും?
2. നിങ്ങളുടെ സഭ നിങ്ങളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഒരു സന്ദർഭം നിങ്ങൾക്ക് ഓർമ്മിക്കാൻ കഴിയുന്നോ? അപ്രകാരം മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുവാൻ നിങ്ങൾ പഠിച്ചുവോ?
3. സഭയുടെ പിന്തുണപോലെ, "നന്മ ചെയ്യുന്നതിൽ മടുത്തുപോകാതിരിക്കാൻ" എന്തൊക്കെ നിങ്ങളെ സഹായിക്കും?
4. നീതിക്കും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും വേണ്ടി സെവന്ത് ഡേ അഡ്വന്റിസ്റ്റ് സഭ ആഗോളമായി നിർവ്വഹിക്കുന്ന നടപടികൾ നിങ്ങൾക്ക് അറിവുണ്ടോ? ഇവയിൽ നിങ്ങൾക്ക് എങ്ങനെയുള്ള സംഭാവന ചെയ്യാൻ കഴിയും?

**സംഗ്രഹം:** അതേ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം മറ്റുള്ളവരുടെ ആവശ്യങ്ങളിൽ ശുശ്രൂഷയ്ക്കായി, അതിലും പ്രത്യേകിച്ചു ദുഃഖിതരെയും കഷ്ടപ്പെടുന്നവരെയും പീഡിതരെയും ശുശ്രൂഷിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ മേഖലയിൽ നമുക്കു വ്യക്തിപരമായ ചുമതലകൾ ഉണ്ടെങ്കിലും മറ്റുള്ളവരുടെ ശുശ്രൂഷയിൽ ശ്രദ്ധിക്കുന്ന ഒരു സമൂഹം എന്ന നിലയിൽ സഭാസമൂഹവുമായി ചേർന്നു പ്രവർത്തിക്കുന്നതു വളരെയേറെ ഫലപ്രദം ആയിരിക്കും.

***